2004 —തിരുവങ്ങാട് —ചമ്പാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ—

ദേശീയപാതാ വിഭാഗം, കെട്ടിടവിഭാഗം എന്നിവയെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതാണ്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ മാമക്കുന്ന്, ചെക്കിക്കുനി എന്നീ പാലം പണികൾ പൂർത്തീകരിച്ചു.

(സി) മാമക്കുന്ന് പാലത്തിന് 350 ലക്ഷം രൂപയും ചെക്കിക്കുനി പാലത്തിന് 37 ലക്ഷം രൂപയും ചെലവായി.

(ഡി) റോഡുപ്രവർത്തികൾ ജൂൺ 2006-ന് മുൻപും പാലം പ്രവർത്തികൾ നബാർഡ് സഹായം കിട്ടുന്നമുറയ്ക്കും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആലപ്പുഴ ജില്ലയിലെ മരാമത്ത് ജോലികൾ

69 [3595] *ഡോ. തോമസ് ഐസക്*: താഴെക്കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1997-98 മുതൽ 2004-05 വരെയുള്ള ഓരോ വർഷവും ആലപ്പുഴയിൽ പൊതുമരാമത്ത് റോഡ്സ് ആന്റ് ബ്രിഡ്ജസ്, നാഷണൽ ഹൈവേ എന്നീ വിഭാഗങ്ങളിലെ ഓരോ ഡിവിഷനും സബ് ഡിവിഷനും ഏറ്റെടുത്ത് പൂർത്തിയാക്കിയ മരാമത്ത് ജോലികൾ ഏതൊക്കെയെന്നും ഓരോ ജോലിക്കും എന്ത് തുക വീതം ചെലവഴിച്ചു എന്നും വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

മഞ്ചേരിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിക്കുള്ള കെട്ടിടം

70 [3596] *ശ്രീ. ഇസ്ഹാക് കുരിക്കൾ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പണി എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly